**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം
# (SOCIAL SERVICES)

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**(ACTION TAKEN REPORT)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2019 ജൂലൈ 4 -ാം തീയതി സമർപ്പിച്ചത്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII

# (സാമൂഹ്യസേവനം)

## 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

786/2019.

# ഉള്ളടക്കം

പേജ്

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2019 ജൂലൈ 1.

# റിപ്പോർട്ട്

## അദ്ധ്യായം 1

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### പട്ടികജാതി വികസന വകുപ്പ്

2225-01-277-53—പോസ്റ്റ് മെട്രിക് സ്റ്റുഡന്റ്സിനുള്ള അധിക സംസ്ഥാന സഹായം

ഖണ്ഡിക 1

കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാനം ധനസഹായം നൽകുന്നതിനും കേന്ദ്രസഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ 200 കോടി രൂപ ശിപാർശ ചെയ്തിരുന്നുവെങ്കിലും 15 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 185 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്ര മാനദണ്ഡത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനും കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള തുകയ്ക്ക് പുറമേ സംസ്ഥാന സർക്കാർ നൽകുന്ന അധിക തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റ് ഇനത്തിലും മേൽ ശീർഷകത്തിൽ 200 കോടി രൂപ ആവശ്യമായി വരും എന്നതിനാലാണ് 185 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള ശിപാർശ ചെയ്തിരുന്നത്.

തുക അനുവദിച്ചിട്ടില്ല. പ്രസ്തുത ആനുകൂല്യ വിതരണത്തിനായി അധികമായി ആവശ്യം വന്ന തുക 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തിയിരുന്നു. 110 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി വികസന (ബി) വകുപ്പിന്റെ 14-5-2019-ലെ ബി2/120/2019/പ.ജ.പ.വ. വി.വ. നമ്പർ കത്ത്]

ഖണ്ഡിക 2

2225-01-277-99-12—മെട്രിക്കുലേഷന് മുൻപുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

പ്രീമെട്രിക് പഠനങ്ങൾക്കായി പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ 2016-17 സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

'മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും' എന്ന പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷം ആകെ 34,25,17,609 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിനത്തിലേയ്ക്കായി '2225-01-277-99-12' ശീർഷകത്തിൽ വകയിരുത്തിയിരുന്ന 33 കോടി രൂപയിൽ നിന്നും 31,66,98,239 രൂപ ചെലവ് നൽകുകയും ബാക്കി വേണ്ടിവന്ന 1,72,59,859 രൂപ 2225-01-277-57-34(P) ശീർഷകത്തിൽ നിന്നും അധികമായി കണ്ടെത്തുകയും ചെയ്തിരുന്നു. ആയതിനാൽ ഈ പദ്ധതിയ്ക്കായി '2225-01-277-99-12' എന്ന ശീർഷകത്തിൽ അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല. 2225-01-277-57-34(P) ശീർഷകത്തിൽ നിന്നും അധികമായി ചെലവഴിച്ച തുക റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 15-5-19-ലെ പ.ജ.പ.വ.വി.വ-എ 1/85/2019/ പ.ജ.പ.വ.വി.വ നമ്പർ കത്ത്]

ഖണ്ഡിക 3

2225-01-283-89—ഭവനരഹിതർക്ക് ഭവനം

ഭവന നിർമ്മാണ ധനസഹായം 4 ലക്ഷമായി വർദ്ധിപ്പിക്കും എന്നതിനാലും ഭവന പുനരുദ്ധാരണ ധനസഹായം ഒരു ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്നതിനാലും സ്പിൽ ഓവർ വീടുകൾക്ക് 4 ലക്ഷം രൂപയുടെ ആനുപാതിക നിരക്കിൽ തുക നൽകേണ്ടതുണ്ട് എന്നതിനാലും ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 380 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 270 കോടി രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ഭവന നിർമ്മാണ ധനസഹായ പദ്ധതിയ്ക്കായി 2225-01-283-89 (P) ശീർഷകത്തിൽ വകയിരുത്തിയ 380 കോടി രൂപയിൽ നിന്ന് 2007-2008 മുതൽ 2017-18 വരെ

അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനും, 2007-08 മുതൽ 2013-2014 വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾക്ക് അധിക ധനസഹായം അനുവദിക്കുന്നതിനുമായി ആവശ്യമായ ചെലവ് വഹിക്കുവാൻ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനാൽ പട്ടികജാതിയിൽപ്പെട്ട 6130 ഗുണഭോക്താക്കളുടെ സംസ്ഥാന വിഹിതമായ (1 ലക്ഷം രൂപ നിരക്കിൽ) 61.30 കോടി രൂപ ലൈഫ് മിഷന് കൈമാറുകയുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ പുതിയ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 100 കോടി രൂപ മാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളൂ. അധികമായി അനുവദിക്കപ്പെട്ട 60 കോടി രൂപ 2018-ൽ സംസ്ഥാനത്തുണ്ടായ സമാനതകളില്ലാത്ത പ്രളയത്തിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിലെ 2733 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും, 2007-2008 മുതൽ 2015-16 വരെയുള്ള സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനും 7-3-2019-ലെ സ. ഉ (സാധാ.) 249/2019/പ.ജ.പ.വ.വി.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ 22-3-2019-ലെ സി1/144/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 4

2225-01-800-86—1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്ര സഹായം)

1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം നടപ്പാക്കലും പട്ടികജാതി പട്ടികവർഗ്ഗ സംരക്ഷണ സെല്ലും പ്രത്യേക പോലീസ് സ്റ്റേഷനുകൾ നടപ്പിലാക്കുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്യുക, പ്രത്യേക കോടതികൾ സ്ഥാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, അതിക്രമങ്ങൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും ചെയ്യുക, മിശ്രവിവാഹിതർക്ക് ധനസഹായം ചെയ്യുക, അവബോധം ഉണ്ടാക്കൽ തുടങ്ങിയവയ്ക്കായി 2018-19 വർഷത്തേയ്ക്ക് 15 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ അതിക്രമത്തിന് ഇരയായവർക്കുള്ള തുക വർദ്ധിപ്പിച്ച് നൽകിയതിനാലും മിശ്രവിവാഹിതർക്കുള്ള ധനസഹായം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

23-2-19-ലെ ജി.ഒ.(ആർ.ടി) നമ്പർ 1389/19/ഫിൻ പ്രകാരം പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 15 കോടി രൂപയും അധിക തുകയായ 5 കോടിയും ഉൾപ്പെടെ ആകെ 20 കോടി രൂപ ലഭ്യമായതിൽ 19,39,65,139 രൂപ (പത്തൊമ്പത് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി അറുപത്തയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപ മാത്രം) ടി സാമ്പത്തിക വർഷം ചെലവ് ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 14-5-2019-ലെ എസ്.സി.എസ്.ടി.ഡി.ഡി.എഫ്2/83/2018/ നമ്പർ കത്ത്]

ഖണ്ഡിക 5

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

മുന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും കുമാരപിള്ള കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള വിദ്യാർത്ഥികളുടെയും 2017-2018 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനും, ഈ ഇനത്തിൽ 2013-2014 മുതൽ 2016-2017 വരെ നൽകാനുള്ള കുടിശ്ശിക തുകയായ 25.36 കോടി രൂപയും നൽകുന്നതിലേയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 56.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പദ്ധതിയ്ക്കായി 7349.36 ലക്ഷം രൂപ 2018-19-ലെ ആദ്യത്തെയും, രണ്ടാമത്തെയും, ഉപധനാഭ്യർത്ഥനകളിൽ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 28-6-2019-ലെ എ 2/151/19/ പ.ജ.പ.വ.വി.വ.നമ്പർ കത്ത്]

ഖണ്ഡിക 6

2225-80-190-94—പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പാ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നതിനായുള്ള ശീർഷകമാണ് ഇത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ

സഹകരണ സംഘങ്ങളിൽ നിന്നും 31-3-2014 വരെ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് 1-10-2015-ലെ 71/2015/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ഉത്തരവ് ആയിട്ടുള്ളതിനാൽ ഈ ആനുകൂല്യം പട്ടികജാതി വിഭാഗക്കാർക്ക് കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലെന്ന കാരണത്താൽ അധിക സാമ്പത്തിക ബാധ്യതയിലേയ്ക്ക് നയിക്കുന്ന പ്രസ്തുത ശിപാർശ ധനവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ 22-3-2019-ലെ സി1/144/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

**പട്ടികവർഗ്ഗ വികസന വകുപ്പ്**

<u>ഖണ്ഡിക 7</u>

2225-02-102-92—<u>ഭക്ഷ്യ സഹായ പരിപാടി</u>

എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഓണക്കാലത്ത് എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റ് നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-2019 സാമ്പത്തിക വർഷം 2225-02-102-92 ശീർഷകത്തിൽ 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 24,81,37,115 രൂപ (ഇരുപത്തിനാല് കോടി എൺപത്തി ഒന്ന് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഒരുനൂറ്റി പതിനഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. തന്ന് വർഷത്തിൽ അധിക ഫണ്ട് ആവശ്യമില്ലായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ 21-5-2019-ലെ ഡി1/212/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 8</u>

2225-02-277-52—<u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ

ഹോസ്റ്റലുകളും UNICEF standard-ൽ നവീകരിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ (രണ്ട് കോടി രൂപ മാത്രം) അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം 2225-02-277-52 ശീർഷകത്തിൽ 4,00,00,000 രൂപ (നാല് കോടി രൂപ മാത്രം) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ 3, 99,59,098 രൂപ (മൂന്ന് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. അധികമായി ആവശ്യമുണ്ടായിരുന്ന 1.80 കോടി രൂപ ധനപുനർവിനിയോഗം മുഖേന 11-2-2018-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല. ടി തുക നടപ്പുവർഷത്തെ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടിവരും.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ ഇ 1/171/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 9

2225-02-277-89 -34-3—നഴ്സറി സ്കൂൾ - മറ്റ് ചെലവുകൾ-മറ്റിനം

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 13 നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാര ചെലവ് 2014-2015 സാമ്പത്തിക വർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായിട്ടുള്ള തുക ഇതുവരെ അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാര ചെലവിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 സാമ്പത്തിക വർഷം 2225-02-277-89-34-3- മറ്റിനം (എൻ.പി.) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2,50,000 രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) യിൽ 2,33,210 രൂപ (രണ്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുനൂറ്റിപ്പത്ത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. നഴ്സറി സ്കൂളിലെ കുട്ടികളുടെ ഭക്ഷണത്തിനും മറ്റ് ചെലവുകൾക്കുമുള്ള തുക '2225-02-277-35-Promotion of Education among STs (Plan)' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവായത് പ്രകാരം ടി ശീർഷകത്തിൽ നിന്നും ആവശ്യമായ ഫണ്ട് കണ്ടെത്തിയതിനാൽ '2225-02-277-89-34-3'എന്ന ശീർഷകത്തിൽ അധിക ഫണ്ട് ആവശ്യമായി വന്നിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പിന്റെ 21-5-2019-ലെ ഡി1/212/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 10

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ -മറ്റിനം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 106 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാരച്ചെലവുകൾ, യൂണിഫോം ഇടങ്ങിയവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ. കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതുവഴി "മറ്റ് ചെലവുകൾ" ഇനത്തിൽ അനുവദിച്ച ഇക പര്യാപ്തമാകുകയില്ല. കൂടാതെ ദൈനംദിന ചെലവുകൾക്കൊപ്പം മറ്റ് ആകസ്മിക ചെലവുകൾ കൂടി ഈ വിഹിതത്തിൽ നിന്ന് വഹിക്കേണ്ടിവരുന്നു. ആയതിനാൽ '34-മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-02-277-94-34-OC (എൻ.പി.) എന്ന ശീർഷകത്തിൽ അധികമായി 4 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആവശ്യമായിരുന്ന ഇക നടപ്പുവർഷത്തെ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടിവരും.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ ഇ 1/171/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 11

2225-02-277-99 —മെട്രിക്കുലേഷനുമുള്ള പഠനങ്ങൾ

2016-2017 സാമ്പത്തിക വർഷം പ്രീ-മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്നപക്ഷം പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ ഇക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിന് പുറമെ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 സാമ്പത്തിക വർഷം 2225-02-277-99-12 മെട്രിക്കുലേഷനുമുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ശീർഷകത്തിൽ 16,50,00,000 രൂപ (പതിനാറ് കോടി അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ 2018-2019 സാമ്പത്തിക വർഷം

28-3-2019-ലെ സ.ഉ. (സാധാ) നമ്പർ 2570/2019/ധന. നമ്പർ ഉത്തരവിൻ പ്രകാരം 71,00,000 രൂപ (എഴുപത്തിയൊന്ന് ലക്ഷം രൂപ) അധിക തുകാനുമതിയായി ലഭിച്ചിരുന്നു. ആകെ ലഭിച്ച 17,21,00,000 (പതിനേഴ് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) രൂപയിൽ 15,97,60,765 രൂപ (പതിനഞ്ച് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപതിനായിരത്തി എഴുനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ചെലവഴിച്ചിരുന്നു. സാമ്പത്തിക വർഷാവസാനം സാമ്പത്തിക നിയന്ത്രണമുള്ളതിനാലാണ് മുഴുവൻ തുക ചെലവഴിക്കുവാൻ കഴിയാതെ വന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 17,21,00,000 രൂപ (പതിനേഴ് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ) ആവശ്യമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 34I/പി.എം.I/18/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക 12

2225-02-283-89—ഭവനരഹിതർക്ക് ഭവനം

ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 10,000 പുതിയ വീടുകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 350 കോടി രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 സാമ്പത്തിക വർഷം 2225-02-283-89 (പി) ഭവനരഹിതർക്ക് ഭവനം ശീർഷകത്തിൽ 127,00,00,000 രൂപ (നൂറ്റിഇരുപത്തിയേഴ് കോടി രൂപ മാത്രം) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ 16-3-2019 ൽ ധനപുനർവിനിയോഗം വഴി 11,51,85,000 രൂപയും (പതിനൊന്ന് കോടി അൻപത്തിയൊന്ന് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) 6-3-2019-ൽ അഡീഷണൽ ഓതറൈസേഷൻ വഴി 5,39,00,000 രൂപയും (അഞ്ച് കോടി മുപ്പത്തിയൊൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ പട്ടികവർഗ്ഗക്കാരുടെ നിർമ്മാണം പൂർത്തീകരിക്കാത്ത 12183 വീടുകൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഉൾപ്പെടുത്തിയിരുന്നതിൽ 10267 വീടുകൾ പൂർത്തീകരിച്ചു. 2017-2018 സാമ്പത്തിക വർഷം 6512 വീടുകളും 2018-2019 സാമ്പത്തിക വർഷം 3755 വീടുകളും പൂർത്തീകരിച്ചു.

2018-2019 സാമ്പത്തിക വർഷം പുതിയ വീടുകൾ അനുവദിക്കുന്നതിനായി 6025 ഗുണഭോക്താക്കളെ ലൈഫ് മിഷൻ മാനദണ്ഡപ്രകാരം തെരഞ്ഞെടുത്തിരുന്നു. ആയതിൽ ഭവന നിർമ്മാണം ആരംഭിച്ച 1391 വീടുകളിൽ ഒമ്പത് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ ഇ I/171/2018/ പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

ഖണ്ഡിക 13

2225-03-277-99-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

23-5-2014-ലെ ജി.ഒ.(എം.എസ്)10/2014 പ്രകാരം 30 സമുദായങ്ങൾക്ക് പുതുതായി ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുകയും 21-2-2014-ലെ ജി.ഒ(എം.എസ്)6/2014/ ബി.സി.ഡി.ഡി. പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 42000-ത്തിൽ നിന്ന് ഒരു ലക്ഷമാക്കി ഉയർത്തുകയും സംസ്ഥാനത്ത് വ്യാപകമായി സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിച്ചതിന് അനുസൃതമായി മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിന് ആനുപാതികമായി ഈ ശീർഷകത്തിൽ തുക അനുവദിക്കുന്നില്ലായെന്ന് സമിതി വിലയിരുത്തി. കൂടാതെ ജി.ഒ (പി) നമ്പർ 4/2016/ എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം 2016-2017 വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒ.ഇ.സി വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം പൂർണ്ണ തോതിൽ അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

'2225-03-277-99 (പദ്ധതി/പദ്ധതിയേതര)' ശീർഷകത്തിൽ വകയിരുത്തിയ 223 കോടി രൂപ ചെലവഴിച്ച് കഴിഞ്ഞതിനാൽ 200 കോടി രൂപ അധിക ധനസഹായത്തിന് അഡീഷണൽ ഓതറൈസേഷന് ധനവകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചു.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 14-1-2019-ലെ 2376942/എ 1/2018 നമ്പർ കത്ത്]

ഖണ്ഡിക 14

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ കണ്ടെത്തി പുതിയ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിന് ആവശ്യമായ പഠനങ്ങളുടെ അപര്യാപ്തത കമ്മീഷന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് സമയബന്ധിതമായി റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നതിന് കമ്മീഷന്റെ കീഴിൽ ഒരു സാമൂഹിക സാമ്പത്തിക സർവ്വേ വിഭാഗം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇതിന്റെ അടിയന്തരപ്രാധാന്യം

മുൻനിർത്തി സർവ്വേ വിഭാഗം ആരംഭിക്കുന്നതിനും ഇതിന്റെ ചെലവുകൾക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ കീഴിൽ സാമൂഹിക സാമ്പത്തിക സർവ്വേ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ തീരുമാനം ആകാത്തതിനാൽ തുക അനുവദിച്ചില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 14-1-2019-ലെ 2376942/എ 1/2018 നമ്പർ കത്ത്]

<u>ഖണ്ഡിക 15</u>

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന സംസ്ഥാനത്തെ മറ്റ് പിന്നാക്ക മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭിക്കുന്ന വായ്പയ്ക്ക് Matching contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ വിഹിതത്തിനും, അധിക തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 47.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ധനവകുപ്പിന് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 14-1-2019-ലെ 2376942/എ 1/2018 നമ്പർ കത്ത്)

<u>ഖണ്ഡിക 16</u>

4225-03-190-99—<u>പട്ടികജാതി വിഭാഗത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലും ഉൾപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വികസന

പ്രവർത്തനങ്ങൾക്ക് അധിക തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ധനവകുപ്പിന് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 14-1-2019-ലെ 2376942/എ I/2018 നമ്പർ കത്ത്]

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

<u>ഖണ്ഡിക 17</u>

2235-02-001-96 —<u>ഭരണ സംവിധാനം ശക്തിപ്പെടുത്തൽ</u>

സാമൂഹ്യനീതി വകുപ്പിന്റെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 'strengthening of administrative infrastructure' എന്ന പദ്ധതിക്കുമായി അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 1-7-2019-ലെ സി1/159/2018 സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 18</u>

2235-02-101-61—<u>ആൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ</u>

ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷന് നൽകുന്നതിനായി 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 വർഷം 2235-02-101-61 (നോൺ പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 10 ലക്ഷം രൂപയിൽ നിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 19

2235-02-101-63 —മൊബിലിറ്റി മിഷൻ കേരള

ചലന ശേഷി നഷ്ടപ്പെട്ടവരുടെ ചലനശേഷി പുനഃസ്ഥാപിക്കാൻ വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 വർഷം 2235-02-101-63 (നോൺ പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിരുന്ന 50 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019 ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 20

2235-02-101-69—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം

വൈകല്യം മുൻകൂർ കണ്ടെത്തുന്നതിനും, വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംരംഭം നടപ്പിലാക്കുന്നതിനും ഭിന്നശേഷി മേഖലയിൽ സമഗ്രമായ ഇടപെടലുകൾ നടത്തുന്നതിനുമായുള്ള അനുയാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ പ്രകാരം 3500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 2250 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി പദ്ധതിക്കാവശ്യമായ തുകയും നിഷ് നാഷണൽ യൂണിവേഴ്സിറ്റി ആയി മാറ്റുന്നതിനും കൂടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ആകെ 39 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 വർഷം 2235-02-101-69 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 22,50,00,000 (ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം രൂപ) രൂപയിൽ 6,81,84,000 (ആറ് കോടി എൺപത്തിയൊന്ന് ലക്ഷത്തി എൺപത്തി നാലായിരം രൂപ) രൂപയേ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 21

2235-02-101-73—മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും പുനരധിവാസത്തിനുള്ള മാതൃകാ പരിപാടി

സാമൂഹ്യ സുരക്ഷിതത്വ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന അസിസ്റ്റന്റ് ലിവിംഗ് മാതൃക പദ്ധതിയ്ക്ക് സംസ്ഥാന ആസൂത്രണ ബോർഡും സാമൂഹ്യനീതി വകുപ്പും രൂപം നൽകിയിട്ടുണ്ട്.

അംഗീകൃത സർക്കാരിതര സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവ സാന്നിദ്ധ്യത്തോടെ 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിന് വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.15 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2018-19 വർഷം 2235-02-101-73 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,00,00,000 (ഒരു കോടി രൂപ) രൂപയിൽ 53,07,000 (അൻപത്തിമൂന്ന് ലക്ഷത്തി ഏഴായിരം രൂപ) രൂപയേ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 22</u>

2235-02-101-75—<u>എന്റെ കൂട് പദ്ധതി-അഗതികൾക്ക് രക്ഷാ കേന്ദ്രം</u>

അഗതികൾക്ക് താമസം, ഭക്ഷണം, വേതനം എന്നിവ ഉറപ്പാക്കി അവർക്കായി ഒരു രാത്രി അഭയ കേന്ദ്രം തുടങ്ങുക എന്ന പദ്ധതി കേവലം 2 ജില്ലകളിൽ മാത്രമാണ് നടപ്പിലാക്കി വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മറ്റ് ജില്ലകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എന്റെ കൂട് പദ്ധതി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 2018-2019 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രളയംമൂലവും ഉചിതമായ കെട്ടിടം ലഭിക്കാതിരുന്നതിനാലും പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ടി പദ്ധതിയ്ക്കായി അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019 ലെ സാ.നീ.വ.സി1/159/2018 നമ്പർ കത്ത്]

<u>ഖണ്ഡിക 23</u>

2235-02-101-89—<u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള

തുക അപര്യാപ്തമായതിനാൽ 1.02 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 വർഷം 2235-02-101-89 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,03,20,000 (ഒരു കോടി മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ) രൂപ മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 24

2235-02-104-89—അനാഥാലയ നിയന്ത്രണബോർഡ്

ജീവനക്കാരുടെ ശമ്പളം, കൗൺസിലർമാരുടെ ഓണറേറിയം എന്നിവ നൽകുന്നതിനായി 83 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചിട്ടില്ല. തുക ലഭ്യമാകാത്തതിനാൽ ഓണറേറിയവും മറ്റും കുടിശ്ശികയുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.സി1/159/2018 നമ്പർ കത്ത്]

ഖണ്ഡിക 25

2235-02-107-94—ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകുന്ന സാമ്പത്തിക സഹായം

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് നിലവിൽ പ്രവർത്തിച്ച് വരുന്നത് അവരുടെ തന്നെ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷനുകളാണ്. 2018-2019

സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിരുന്നു. അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 29-6-2019 ലെ സാ.നീ.വ.ബി3/241/2018 നമ്പർ കത്ത്]

ഖണ്ഡിക 26

2235-02-104-97 —യാചക കേന്ദ്രങ്ങൾ

യാചകരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 33.2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചിട്ടില്ല. തുക ലഭ്യമാകാത്തതിനാൽ യാചക കേന്ദ്രങ്ങൾക്ക് കുടിശ്ശിക നൽകാനുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.സി1/159/2018 നമ്പർ കത്ത്]

ഖണ്ഡിക 27

2235-02-107-98—സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായ ധനം

വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിനായി വകയിരുത്തിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചിട്ടില്ല. തുക ലഭ്യമാകാത്തതിനാൽ വയോജനസംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് കുടിശ്ശിക നൽകാനുണ്ട്.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.സി1/159/2018 നമ്പർ കത്ത്]

ഖണ്ഡിക 28

2235-02-190-98—കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്ക് പ്രതിവർഷം ഏകദേശം 150 ലക്ഷം രൂപയോളം ആവശ്യമായതിനാൽ 70 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരുന്ന 30 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ 10% പദ്ധതി നടത്തിപ്പിനായി കോർപ്പറേഷന് വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതൊരു ക്ഷേമ കോർപ്പറേഷനാണെങ്കിലും ഇവർക്ക് സ്വന്തമായി വരുമാനം ലഭിക്കുന്ന മറ്റ് ബിസിനസ്സ് പ്രവർത്തനങ്ങളും ഉപകരണ നിർമ്മാണ യൂണിറ്റുമുണ്ട്. ആയതിനാൽ വികലാംഗക്ഷേമ കോർപ്പറേഷന് നോൺ പ്ലാൻ ഇനത്തിൽ അധിക തുക അനുവദിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 29

2235-02-800-86—സാമൂഹ്യ ക്ഷേമ വകുപ്പിലെ ആസ്തി പുതുക്കൽ -ആസ്തി പുതുക്കൽ ഫണ്ടിൽ നിന്നും തുക ചെലവാക്കൽ

29-3-2007-ലെ ജി. ഒ. (എം.എസ്) നമ്പർ 235/07/ ജി.എ.ഡി. ഉത്തരവ് അനുസരിച്ച് എം.ജി.പി. പദ്ധതിയുടെ എസ്.ഡി.പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യത്തിനായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 1-7-2019-ലെ സി1/159/2018 സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 30

2235-60-200-64—ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമം

ഭിന്നലിംഗക്കാരായിട്ടുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഭിന്നലിംഗ ഹെൽപ്പ് ലൈൻ ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ, തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമുള്ള ധനസഹായം, ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ കുടുംബശ്രീയുടെ പരിപാടികൾക്കൊപ്പം ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 1000 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ Rules of Business പ്രകാരം ഭിന്നലിംഗക്കാരുടെ ക്ഷേമകാര്യങ്ങൾ സാമൂഹ്യനീതി വകുപ്പാണ് നടപ്പിലാക്കേണ്ടത്. ട്രാൻസ്ജെൻഡേഴ്സ് ക്ഷേമം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 24x7 ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ ക്രൈസിസ് മാനേജ്മെന്റ് സെന്റർ, തൊഴിൽ നൈപുണ്യപരിശീലനങ്ങൾ, സ്വയം തൊഴിൽ പദ്ധതിയ്ക്ക് ധനസഹായം, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യത്തിനായുള്ള ധനസഹായം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം, തുടർ ചികിത്സയ്ക്കും പോഷകാഹാരത്തിനുമുള്ള പദ്ധതി, തുടർ വിദ്യാഭ്യാസ പദ്ധതി, ഷോർട്ട് സ്റ്റേ ഹോം തുടങ്ങി വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുകയും ബഡ്ജറ്റ് തുകയുടെ 74.74% തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി ബജറ്റിൽ 4 കോടി രൂപ വകയിരുത്തിയിരുന്നു. അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.ബി3/241/2018 നമ്പർ കത്ത്]

ഖണ്ഡിക 31

2235-60-200-67—അവശത അനുഭവിക്കുന്ന വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി

അംഗപരിമിതരായ ആൾക്കാർക്ക് തൊഴിലവസരം സൃഷ്ടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന പദ്ധതി പ്രകാരം അവശത അനുഭവിക്കുന്ന വ്യക്തികളെ കണ്ടെത്തി KSSM, NISH, SID എന്നീ സ്ഥാപനങ്ങൾ മുഖേന പ്രേരക പരിശീലനമോ അല്ലെങ്കിൽ നവീകരണ പരിശീലനമോ നൽകുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 വർഷം 2235-60-200-67 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50,00,000 (അൻപത് ലക്ഷം) രൂപയിൽ നിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 32

2235-60-200-72—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി

നിലവിലുള്ള 9246 ഗുണഭോക്താക്കൾക്ക് പ്രതിമാസം ധനസഹായം അനുവദിക്കാൻ ആവശ്യമായ തുകയും 2018-19 വർഷത്തിൽ സമാശ്വാസം പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകേണ്ട ധനസഹായത്തിനും ബഡ്ജറ്റിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.3381 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 33

2235-60-200-72-02—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ആശ്വാസ കിരണം പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കൾക്കും, 2018-19 വർഷത്തിലെ പുതിയ ഗുണഭോക്താക്കൾക്കും 2017-18 വർഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 52.2854 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 34

2235-60-200-72-07—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-വയോമിത്രം

അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന വയോമിത്രം പദ്ധതി 14 ജില്ലകളിലെയും ഓരോ ബ്ലോക്കിൽ ആരംഭിക്കുന്നതിനും, ആയുർമിത്രം, ഫാമിലി മെഡിസിൻ കാർഡ്, നന്മ എന്നീ പദ്ധതികൾക്കുമായി കൂടുതൽ തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 37.6342 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 35

2235-60-200-72-08 —കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-വിശപ്പുരഹിത നഗരം

അവിചാരിതമായി നഗര പ്രദേശങ്ങളിൽ എത്തിപ്പെട്ടവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്ന വിശപ്പുരഹിത പദ്ധതി പ്രകാരം രാത്രികാലങ്ങളിൽകൂടി ഭക്ഷണം നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 36

4235-02-101-99 —ബാരിയർ ഫ്രീ കേരള സ്കീം

സംസ്ഥാനത്തിലെ എല്ലാ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധരഹിതവും അംഗപരിമിത സൗഹൃദ അന്തരീക്ഷമുള്ളതാക്കുന്നതിന്റെ ഭാഗമായി റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശുചിമുറികൾ, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 വർഷം 4235-02-101-99 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 18,00,00,000 (പതിനെട്ട് കോടി രൂപ) രൂപയിൽ നിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. അതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ഡി) വകുപ്പിന്റെ 1-7-2019-ലെ 135/ഡി2/18/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 37

2235-02-001-88—ഡിപ്പാർട്ട്മെന്റൽ ഓഫീസർമാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ്

വനിതാ ശിശുവികസന വകുപ്പിലെ വിവിധ വിഭാഗത്തിലുള്ള 2755 ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ.(പി) നമ്പർ 153/2018/ഫിൻ. തീയതി 29-9-2018 പ്രകാരം പ്രളയാനന്തരം വകുപ്പിന്റെ 2018-19-ലെ പദ്ധതി വിഹിതത്തിൽ 20% കുറയ്ക്കുവാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിലെ വിവിധ വിഭാഗത്തിലുള്ള 2755 ഉദ്യോഗസ്ഥർക്ക് ഇൻ സർവ്വീസ് പരിശീലനം നൽകുന്നതിനായി അധിക തുക വകയിരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-7-2019-ലെ എ 1/84/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 38

2235-02-001-89—വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ, സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ

വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യനീതി ഓഫീസുകളുടെയും, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും നവീകരണം, ആധുനികവല്ക്കരണം എന്നിവയും നിലവിലുള്ള സാമൂഹ്യനീതി ഓഫീസുകളിലും സ്ഥാപനങ്ങളിലും പ്രതിബന്ധമുക്ത പ്രവേശനം നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവൃത്തികൾക്കുംകൂടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രളയാനന്തരം വകുപ്പിന്റെ 2018-19-ലെ പദ്ധതി വിഹിതത്തിൽ 20% കുറയ്ക്കുവാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ ശിപാർശ 38 പ്രകാരമുള്ള അധിക തുക വകയിരുത്താൻ കഴിഞ്ഞില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 1-7-2019-ലെ എ 4/99/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 39

2235-02-102-53—ചൈൽഡ് റൈറ്റ് കമ്മീഷൻ

ചൈൽഡ് റൈറ്റ് കമ്മീഷന്റെ പ്രവർത്തനത്തിനായി യാത്രാബത്ത ഇനത്തിൽ അധികമായി ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പ്രളയം കാരണം പദ്ധതി പ്രവർത്തനങ്ങൾ നിശ്ചലമായ അവസ്ഥയിലായതിനാൽ യാത്രകൾ വളരെ പരിമിതമായി മാത്രം നടത്തപ്പെട്ടുകയും അത് അനുവദിച്ച ബജറ്റ് പ്രൊവിഷനിൽ ഒതുക്കി നിർത്തേണ്ടതായും വന്നതിനാൽ അധികമായി തുക ആവശ്യമായി വന്നില്ല എന്ന വിവരം വിഷയനിർണ്ണയ സമിതിയെ അറിയിക്കുന്നു.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 25-6-2019-ലെ എ 2/94/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 40

2235-02-102-62—കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്രസേവനം

സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിക്കുന്നതിനും, സ്കൂളുകളിൽ കൗമാര പ്രായക്കാരായ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകാനും നിയോഗിക്കുന്ന കൗൺസിലർ മാർക്കുള്ള പ്രതിമാസ ഓണറേറിയം, ടി.എ., അടിസ്ഥാന സൗകര്യ വികസനം, സ്റ്റേഷനറി എന്നിവ നൽകുന്നതിനുമായി അധികമായി തുക വകയിരുത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

25-1-2017 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 28/2017/സാ.നീ.വ. ഉത്തരവ് പ്രകാരം 1012 സ്കൂളുകളിലേയ്ക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ സേവനം വ്യാപിപ്പിക്കുവാൻ അനുമതി നൽകി. എന്നാൽ ആയതിനടിസ്ഥാനത്തിൽ 2018-2019 സാമ്പത്തിക വർഷം പുതിയ നിയമനങ്ങൾ നടന്നിട്ടില്ല. ആയതിനാൽ 2018-2019 സാമ്പത്തിക വർഷം അധിക തുക ആവശ്യമില്ലെന്നും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ സ്കൂൾ കൗൺസിലേഴ്സിന് ഓണറേറിയം നൽകുന്നതിന് 2235-02-102-62(പി) എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യം വന്നില്ല

[സാമൂഹ്യനീതി (ഇ) വകുപ്പിന്റെ 29-6-2019-ലെ എസ്.ജെ.ഡി./ഇ 2/113/2018-സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 41

2235-02-103-96—വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള ഈ പദ്ധതിയിൽ, വിവാഹ ധനസഹായം 20,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 2018-19-ലേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 4792.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4425 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2018-19-വർഷത്തിലേക്ക് കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിന് 36.72 കോടി രൂപ കൂടി ടി ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനായുള്ള അപേക്ഷകരുടെ എണ്ണത്തിൽ 2018-19 സാമ്പത്തിക വർഷം കുറവ് വന്നിട്ടുള്ളതിനാൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക ധനസഹായം അനുവദിക്കുന്നതിന് പര്യാപ്തമായിരുന്നു. ആയതിനാൽ 2018-19 സാമ്പത്തിക വർഷം അധികമായി ആവശ്യപ്പെട്ട തുക ആവശ്യമായി വന്നില്ല

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.സി1/159/2018 നമ്പർ കത്ത്]

വനിത ശിശുവികസന വകുപ്പ്

ഖണ്ഡിക 42

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് അംശദാനം

2014-2015 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് പ്രകാരം 6,74,000 (ആറ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം)രൂപയും, 2014-15 വർഷത്തിലും 2015-16 വർഷത്തിലും ബോർഡ് ചെയർപേഴ്സണ് ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 (മൂന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) രൂപയും ചേർത്ത് 10,58,000 (പത്ത് ലക്ഷത്തി അൻപത്തെണ്ണായിരം രൂപ മാത്രം) രൂപ കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കാനുണ്ട്.

അതോടൊപ്പം സാമൂഹ്യക്ഷേമ ബോർഡിന്റെ ഫൈനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2018-19 വർഷത്തെ സംസ്ഥാന വിഹിതമായി 1,22,39,681 (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അറുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം)രൂപയും ലഭിക്കേണ്ടതുണ്ട്. കൂടാതെ 2018-19 വർഷത്തിൽ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള/ പെൻഷൻ പരിഷ്കരണ കടിശ്ശിക നൽകാനുള്ളതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ അധികമായി 45.52 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 43</u>

2235-02-104-99—<u>ശ്രീ ചിത്ര ഹോം സഹായധനം</u>

പേറിവിഷൻ പ്രകാരമുള്ള ശമ്പളം നൽകുന്നതിനും കോൺട്രാക്ട് സ്റ്റാഫിന് ശമ്പളം നൽകുന്നതിനും, കുട്ടികളുടെ താമസത്തിനുള്ള ബഹുനില കെട്ടിടത്തിന്റെ ഭരണാനുമതി ലഭിച്ച പ്രോജക്ടിനും, പുതിയ കെട്ടിടത്തിനുമായി അധിക തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 12.48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക 44</u>

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ഷീ ടാക്സി പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനും സംരംഭകരുടെ വായ്പയുടെ പലിശയിനത്തിൽ സബ്സിഡി അനുവദിക്കുന്നതിലേക്കും സാങ്കേതിക

സംവിധാനം ഒരുക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശയുടെ അടിസ്ഥാനത്തിൽ ഷീ ടാക്സി പദ്ധതിയുടെ സാങ്കേതിക സംവിധാനം ഒരുക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ച് നൽകണമെന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 8-8-2018-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ സാങ്കേതിക സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 29-6-2019-ലെ സാ.നീ.വ.സി1/159/2018/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 45

2235-60-200-72-01—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-ക്യാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കിവരുന്ന ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം പുതിയതായി എഴുന്നൂറോളം ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകേണ്ടതുണ്ട്. അതോടൊപ്പം മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് തുടർ ചികിത്സ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 46

2235-60-200-72-03—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹ സ്പർശം)

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളേയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം എന്ന പദ്ധതിയുടെ ധനസഹായം 1,000 രൂപയിൽ നിന്ന് 2,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ ഗുണഭോക്താക്കൾക്കും പുതിയതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ 3.152 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 47

2235-60-200-72-05—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി -താലോലം പദ്ധതി

ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി പ്രകാരം പ്രതിവർഷം പുതിയതായി 1200 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനും മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് തുടർ ചികിത്സ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക 48

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം 786/2019. നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ, 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഐ.ടി.ഐ. പോളിടെക്നിക് വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിയതിനാലും, 2017-18 സാമ്പത്തിക വർഷത്തെ ബാക്കി ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കേണ്ടതിനാലും കൂടുതൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 14-6-2019-ലെ സി2/156/2019/സാ.നീ.വ. നമ്പർ കത്ത്]

ആഭ്യന്തര വകുപ്പ്

ഖണ്ഡിക 49

2235-02-106-98 —ദുർഗുണ പരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ ബാഹുല്യം, മരുന്ന്, ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ ഉണ്ടായ വില വർദ്ധനവ് കണക്കിലെടുത്ത് '34 മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-2019 സാമ്പത്തിക വർഷം ധനാഭ്യർത്ഥന നമ്പർ XLVI പ്രകാരം '2235-02-106-98 ദുർഗുണ പരിഹാര പാഠശാല (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ 1,78,19,000 രൂപയാണ് (ഒരു കോടി എഴുപത്തി എട്ട് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്നത്. പ്രസ്തുത ശീർഷകത്തിൽപ്പെടുന്ന '34—മറ്റ് ചെലവുകൾ-3—മറ്റിനം' എന്ന ഡീറ്റെയിൽഡ് ഹെഡിൽ 4,50,000 രൂപയാണ് (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കപ്പെട്ടിരുന്നത്.

28-12-2018-ലെ സ.ഉ. (സാധാ.) നമ്പർ 10630/2018/ധന. ഉത്തരവ് പ്രകാരം '2235-02-106-98-00-34-03' എന്ന ശീർഷകത്തിൽ 4,00,000 രൂപ (നാല് ലക്ഷം രൂപ മാത്രം) additional authorization ആയി അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ നിലവിലുണ്ടായിരുന്ന 2,30,654 രൂപയുടെ (രണ്ട് ലക്ഷത്തിമുപ്പതിനായിരത്തി അറുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) പെന്റിംഗ് ബില്ലുകൾ

സെറ്റിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ജയിൽ വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. കൂടാതെ 12-2-2019-ലെ സ.ഉ. (സാധാ.) നമ്പർ 1009/2019/ധന. പ്രകാരം 2,00,000 രൂപ (രണ്ട് ലക്ഷം രൂപ മാത്രം) '2235-02-106-98-00-34—മറ്റ് ചെലവുകൾ-3—മറ്റിനം' എന്ന ശീർഷകത്തിൽ additional authorization ആയി അനുവദിച്ചിട്ടുണ്ട്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 4-4-2019-ലെ ബി2/180/2018/ആഭ്യന്തരം നമ്പർ കത്ത്]

**പൊതുഭരണ വകുപ്പ്**

ഖണ്ഡിക 52

2235-60-107-98—സ്വാതന്ത്ര്യ സമര ഭടൻമാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാനതല ഉപദേശക സമിതി

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാനതല/ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിനായി 14,000 രൂപ (പതിനാലായിരം രൂപ മാത്രം) അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്ന സംസ്ഥാനതല/ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിന് '2235-60-107-98' എന്ന ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 14,000 രൂപ (പതിനാലായിരം രൂപ മാത്രം) അധികമായി അനുവദിച്ചുകൊണ്ടാണ് ജി.ഒ. (ആർടി. നമ്പർ) 7666/2018/ധന. തീയതി 13-9-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

[പൊതുഭരണ എഫ്.എഫ്.പി.ബി. വകുപ്പിന്റെ 16-10-2018 ലെ എഫ്.എഫ്.പി.ബി1/16/2018/പൊ.ഭ.വ.നമ്പർ കത്ത്]

ഖണ്ഡിക 53

2235-60-200-82—അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം

രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകി വന്നിരുന്ന സാമ്പത്തിക സഹായം യഥാക്രമം 4,000 രൂപയിൽ നിന്ന് 6,000 രൂപയായും 2,500 രൂപയിൽ നിന്ന് 6,000 രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും, നിലവിൽ ജീവിച്ചിരിക്കുന്ന 262 രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും, 1527 വിധവകൾക്കും, ധനസഹായത്തിന് അപേക്ഷ നൽകാൻ സാധിക്കാത്ത 49 വിധവകളെ കണ്ടെത്തി അവർക്കുംകൂടി ധനസഹായം

നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇവർക്ക് 2019 മാർച്ച് വരെയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.5922 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അവശതയനുഭവിക്കുന്ന 262 രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്കും; 1527 വിധവകൾക്കും ധനസഹായം നൽകുന്നതിന് ആവശ്യമായ 12,88,08,000 രൂപ (പന്ത്രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എണ്ണായിരം രൂപ മാത്രം) ആവശ്യപ്പെട്ടിരുന്നു എങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 6,28,86,000 രൂപ (ആറ് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) മാത്രമായിരുന്നു.

6,59,22,000 രൂപ (ആറ് കോടി അൻപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) അധികമായി അനുവദിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ, SDG-യുടെ മൂന്ന് ബാച്ചുകളിലും തുക അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

തുടർന്ന്, അഡീഷണൽ അലോട്ട്മെന്റ് മുഖാന്തിരം പ്രസ്തുത തുക അനുവദിക്കുന്നതിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ, 20-12-2018-ലെ സ.ഉ.(ആർടി.) 10424/2018/ധന. പ്രകാരം 6,59,22,000 രൂപ (ആറ് കോടി അൻപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം) അനുവദിക്കുകയുണ്ടായി.

പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് അലോട്ട്മെന്റും സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം അനുവദിച്ച അധിക തുകയും ഉൾപ്പെടെ ആകെ 12,88,08,000 രൂപ (പന്ത്രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി എണ്ണായിരം രൂപ) (6,28,86,000 + 6,59,22,000) രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്കും വിധവകൾക്കും സാമ്പത്തിക സഹായം (6,000 രൂപ നിരക്കിൽ) നൽകുന്നതിന് വിനിയോഗിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിലും 6,28,86,000 രൂപ (ആറ് കോടി ഇരുപത്തി എട്ട് ലക്ഷത്തി എൺപത്തി ആറായിരം രൂപ) മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആവശ്യമായ 6,70,02,000 രൂപ (ആറ് കോടി എഴുപത് ലക്ഷത്തി രണ്ടായിരം രൂപ) കൂടി ഈ വർഷവും അനുവദിക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[സൈനികക്ഷേമ വകുപ്പിന്റെ 14-5-2019-ലെ എസ്.ഡബ്ല്യു.3/14/2018/പൊ.ഭ.വ. നമ്പർ കത്ത്]

ഖണ്ഡിക 54

2235-60-200-71—ജവാൻമാർക്കുവേണ്ടിയുള്ള ക്രിസ്തുമസ്- ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം ഫ്ളാഗ് ഡേ ഫണ്ട് അക്കൗണ്ടിലേയ്ക്കുള്ള റിലീസ്

ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടിയിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് 10.97 കോടി രൂപ ലഭിക്കാനുണ്ടെന്നും, ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള പദ്ധതികളിലായി നൽകിവരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും അതോടൊപ്പം പുതിയ സ്കീമുകൾ ഉൾപ്പെടുത്താൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10.97 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-2013 സാമ്പത്തിക വർഷത്തിൽ ജയ് ജവാൻ ലോട്ടറി നടത്തിയതുവഴി സൈനികക്ഷേമ വകുപ്പിന് ലഭിക്കേണ്ടിയിരുന്ന 12,97,00,000 രൂപയിൽ (പന്ത്രണ്ട് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ മാത്രം) നിരന്തരം ആവശ്യപ്പെട്ടിട്ടും ഇതുവരെ 3 കോടി രൂപ (മൂന്ന് കോടി രൂപ ) മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 10,97,00,000 രൂപ (പത്തു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ) നൽകുന്നതിന് സമിതി ശിപാർശ ചെയ്തുവെങ്കിലും ഒരു കോടി രൂപ മാത്രമാണ് SDG-യുടെ ആദ്യ ബാച്ചിൽ അനുവദിക്കുകയുണ്ടായത്. തുടർന്ന്, SDG-യുടെ രണ്ടും മൂന്നും ബാച്ചുകളിലും അഡീഷണൽ അലോട്ട്മെന്റ് മുഖാന്തിരവും ബാക്കി തുക നൽകുന്നതിന് അപേക്ഷിച്ചെങ്കിലും അനുവദിക്കുകയുണ്ടായില്ല.

SDG-യുടെ ഒന്നാം ബാച്ച് പ്രകാരം ലഭിച്ച ഒരു കോടി രൂപ സായുധ സേനാപതാക ദിന ഫണ്ടിലേയ്ക്ക് നൽകി. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

സായുധ സേനാ പതാക ദിന ഫണ്ടിലേയ്ക്ക് വകയിരുത്തുന്ന പ്രസ്തുത തുകയുടെ 85%, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള രാജ്യ സൈനിക് ബോർഡ് ഭരണ നിർവ്വഹണം നടത്തുന്ന സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിലേക്കാണ് മുതൽക്കൂട്ടുന്നത്.

ലോട്ടറി നടത്തിയതുവഴി ലഭിച്ച തുക വകുപ്പിന് അനുവദിക്കാത്തതിനാൽ, സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് നൽകിവരുന്ന ധനസഹായങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനോ, പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലും ബാക്കി ലഭിക്കേണ്ട തുക ഉൾപ്പെടുത്താത്തതിനാൽ (0 രൂപയാണ് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളത്) ലഭിക്കാൻ ബാക്കിയുള്ള 9,97,00,000 രൂപ (ഒമ്പത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ) അനുവദിക്കുന്നതിനായി സമിതിയ്ക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

## അദ്ധ്യായം II

## 2018-2019-ലെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുമരാമത്ത് | 50, 51 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം, ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ, 2018-19-ലെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (അദ്ധ്യായം II) ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2019 ജൂലൈ 1.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.